പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 321 — 13-10-2011 -ൽ മറുപടിക്ക്.

## കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു<br>" വി. എസ്. സുനിൽ കുമാർ<br>" ഇ. ചന്ദ്രശേഖരൻ<br>" പി. തിലോത്തമൻ | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | കള്ള് ചെത്ത് വ്യവസായം പരിഷ്ക്കരിക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി ഏതെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | പരമ്പരാഗത വ്യവസായമെന്ന നിലയിൽ, കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പുതിയ പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കള്ള്ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുവാൻ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിൽ, കള്ള്ഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി കമ്മിറ്റികൾക്ക് നല്കുന്നതാണ്. ഇത്തരം സാഹചര്യത്തിൽ, തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി, കള്ള് ഷാപ്പുകളുടെ റെന്റൽ തുക കുറയ്ക്കുന്നതിനും, കള്ള്ഷാപ്പുകൾ ഏറ്റെടുക്കുന്നതിനായി കെട്ടിവയ്ക്കേണ്ട മറ്റ് തുകകളിലും ഇളവുകൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ്. കൂടാതെ, തൃശ്ശൂർ താലൂക്കിലെ കള്ള്ഷാപ്പുകൾ റേഞ്ചടിസ്ഥാനത്തിലും വില്പന നടത്തി നടപടിയെടുത്തിട്ടുണ്ട്. |
| (സി) | തൊഴിലാളികളുടെ സഹായത്തോടുകൂടി ശുദ്ധമായ കള്ള് വില്പന ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. കള്ള് ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രം വില്ക്കുക എന്നതാണ് സർക്കാർ നയം. അംഗീകൃത തൊഴിലാളികൾ കള്ള് ഷാപ്പുകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക വഴി കള്ളിൽ മായം ചേർക്കൽ ഒഴിവാക്കുവാൻ കഴിയും. ശുദ്ധമായ കള്ള് മാത്രം വില്ക്കുന്നതിന്, 5 തൊഴിലാളികളും 50 തെങ്ങ്, അല്ലെങ്കിൽ 2 തൊഴിലാളിയും 20 പനയും ഒരു കള്ള് ഷാപ്പിന് വേണമെന്ന വ്യവസ്ഥ കർശനമാക്കിയിട്ടുണ്ട്. ബിനാമികളെ ഷാപ്പ് നടത്തിപ്പിൽ നിന്നും ഒഴിവാക്കുവാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കള്ളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ